**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം. രാജഗോപാലൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'കേരഗ്രാമം' പദ്ധതിയിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവാക്കിയിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം ഉള്ള പുരോഗതി വിവരങ്ങളും ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 278 പഞ്ചായത്തുകളിലായി 221 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ചെലവാക്കിയതുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. കേരഗ്രാമം പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 കാലയളവിൽ 250 ഹെക്ടർ വീതമുള്ള 221 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് കേരകൃഷി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി ഇതുവരെ 55250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ സംയോജിതവിള പരിപാലനമുറകൾ നടപ്പിലാക്കുകയും 3512.67 ഹെക്ടറിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. 16708 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും 1309 ജൈവവള യൂണിറ്റുകൾ കർഷകരുടെ തോട്ടങ്ങളിൽ തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

| വർഷം | കേരഗ്രാമം എണ്ണം | വിനിയോഗിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2016-17 | 30 | 3718.56 |
| 2017-18 | 44 | 3087.87 |
| 2018-19 | 77 | 3275.03 |
| 2019-20 | 55 | 1378.61 |
| 2020-21 | 15 | 2334.35 (തുക ചെലവഴിച്ചു വരുന്നു.) |